# MIM HSS
## PERODE

# ACADEMIC CALENDAR 2025-26



Scanned with CamScanner

# MIM Higher Secondary School, Perode

# Academic Action Plan 2025-26

Scanned with CamScanner

# എം.ഐ.എം. ഹയർസെക്കണ്ടറി സ്കൂൾ

ഒരു നാടിന്റെ മുഴുവൻ പ്രതീക്ഷയായി പ്രകൃതിരമണീയമായ മയ്യഴിപുഴയോരത്ത് 1995 ജൂൺ 12ന് തുടക്കംകുറിച്ച എം.ഐ.എം. ഹയർസെക്കണ്ടറി സ്കൂൾ നാദാപുരത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഇന്നൊരു തിലകമായി വർത്തിക്കുന്നു.

തുടക്കം മുതൽ വിദ്യാഭ്യാസമെന്ന സമഗ്രപ്രക്രിയയിൽ ക്രിയാത്മകമായി ഇടപെട്ട് മികവിന്റെ പടവുകൾ ഒന്നൊന്നായി കടന്നുകയറുകയായിരുന്നു ഈ വിദ്യാലയം. ഹ്രസ്വമായ ഈ കാലയളവിൽ ദേശീയ/അന്തർദേശീയ കലാശാലകളിൽ/സ്ഥാപനങ്ങളിൽ/കളിയിടങ്ങളിൽ പ്രതിഭ തെളിയിച്ച എം.ഐ.എമ്മിന്റെ സന്തതികൾ ഈ മികവിന്റെ നേർ സാക്ഷ്യങ്ങളാണ്. എസ്.എസ്.എൽ.സി. ഫലങ്ങളിൽ നൂറുമേനി കൊയ്തതിന് തുടർച്ചയായി ജില്ലാപഞ്ചായത്ത് അവാർഡ് നേടിക്കൊണ്ടിരിക്കുന്ന എം.ഐ.എം. ജില്ലയിലെ ഏറ്റവും മികച്ച വിജയംനേടിയതിനുള്ള അംഗീകാരവും നേടിയിട്ടുണ്ട്. കഴിഞ്ഞവർഷം 52 വിദ്യാർത്ഥികൾ നമ്മുടെ വിദ്യാലയത്തിൽ നിന്ന് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടുകയുണ്ടായി. വിവിധ സ്കോളർഷിപ്പ്/യോഗ്യതാപരീക്ഷകളിൽ നമ്മുടെ വിദ്യാർത്ഥികളുടെ വിജയം ശ്രദ്ധേയമാണ്.

സംസ്ഥാനത്തെ മികച്ച ന്യൂനപക്ഷസ്ഥാപനത്തിനുള്ള എം.ഇ.എസ് അവാർഡും, എ.വി. ഹാജി മെമ്മോറിയൽ അവാർഡും 'ഗ്രീൻ വോയ്സ്' പ്രത്യേക പുരസ്കാരവും അക്കാദമിക രംഗത്ത് എം.ഐ.എം നേടിയ അംഗീകാരങ്ങളിൽ ചിലതാണ്. വിദ്യാലയത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയ്ക്കുള്ള കയ്യൊപ്പായിരുന്നു മനോരമ-നല്ല പാഠം സംസ്ഥാനതല മത്സരത്തിലെ ഫൈനൽ പ്രവേശം. ജില്ലാ/സംസ്ഥാന കലാമേളകളിലും, സംസ്ഥാന/ദക്ഷിണേന്ത്യൻ ശാസ്ത്രോത്സവങ്ങളിലും എം.ഐ.എമ്മിന്റെ വെന്നിക്കൊടി നിരവധി തവണ ഉയർന്ന് പാറിയിട്ടുണ്ട്. മികച്ച പശ്ചാത്തലസൗകര്യത്തോടൊപ്പം സംസ്ഥാന അധ്യാപക അവാർഡ്, 'ഗ്രീൻവോയ്സ്' ബെസ്റ്റ് ടീച്ചർ അവാർഡ് തുടങ്ങിയവ നേടിയ അധ്യാപകരും നമ്മുടെ കരുത്താണ്.

പുരോഗതിയുടെ നാൾവഴികളിൽ നമുക്ക് കരുത്ത് പകർന്ന പി.ടി.എ., എം.പി.ടി.എ, പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ തുടങ്ങിയവരുടെ പിന്തുണ സ്മരണീയമാണ്. തുടർന്നും എല്ലാവിധ സഹകരണവും പ്രവർത്തനപാതയിൽ ഞങ്ങൾ ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നു.

പേരോട്

അബ്ദുൾ ജലീൽ കെ.

ഹെഡ്മാസ്റ്റർ



Scanned with CamScanner

# ചുമതല വിഭജനം 2025-26

| | |
|---|---|
| ഹെഡ് മാസ്റ്റർ | അബ്ദുൽ ജലീൽ കെ. |
| സീനിയർ അസിസ്റ്റന്റ് | അബ്ദുല്ല ഓലിയോട്ട് |
| എസ്.ആർ.ജി കൺവീനർ | അബ്ദുൽ ഹമീദ് മാണിക്കബേരി |
| സ്റ്റാഫ് സെക്രട്ടറി | ഇസ്മായിൽ എം |
| എഡ്യുകെയർ കൺവീനർ | ജയരാജൻ കെ.ടി |
| SITC | സി.ടി ഹാരിസ് (MR, ASH) |
| 10-ാംതരം ചാർജ് | ഹാരിസ് പണാറത്ത് |
| 9-ാംതരം ചാർജ് | അഷ്റഫ് കിഴക്കയിൽ |
| 8-ാംതരം ചാർജ് | ഇസ്സുദ്ധീൻ പി.കെ |
| സഞ്ചയിക | റഫീഖ് മരുന്നോളി |
| J.R.C | ആയിഷ ടീച്ചർ, റസ്സൽ പി.കെ |
| ഉച്ചക്കഞ്ഞി | മാമി ബംഗ്ലത്ത്, മുഹമ്മദലി, സമീറ |
| സ്കൂൾ ടൂർ | അഷ്റഫ് കിഴക്കയിൽ, SY, NK |
| പരീക്ഷ ബോർഡ് | ഹാരിസ് പണാറത്ത്, ബിജു R.B<br>ഇസ്മായിൽ എം. സുലൈഖ എൻ.കെ |
| Text Book | നവാസ് പി.പി |
| Finance Committee | റിയാസ് കെ, റഫീഖ്, ലത്തീഫ്. |
| സോഷ്യൽ സർവ്വീസ് ലീഗ് | സിയാദ് |
| NCC | അബ്ദുൽ ഹമീദ് സി. & അഷ്റഫ് |
| SPC | സാബിർ & സക്കീന |
| സ്കൂൾ കലാമേള | അബ്ദുൽ ഹമീദ്. സി. |
| അച്ചടക്കം | റിയാസ് എടച്ചേരി. |
| സ്കൂൾ ബസ്സ് | മുഹമ്മദ് അസ്ലം. |
| ജാഗ്രത സമിതി | |

Scanned with CamScanner

# 2025–26 വർഷത്തെ ക്ലാസ്സ് ചാർജ്

| 8 – ാം തരം | 9 – ാം തരം | 10 – ാം തരം |
|---|---|---|
| A - NP | A - TM | A - IL |
| B - FA | B - KDL | B - SM |
| C - PM | C - UB | C - RY |
| D - IZ | D - BK | D - MK |
| E - DV | E - RB | E - CT |
| F - SYD | F - PP | F - PKL |
| G - AM | G - ASH | G - NK |
| H - ISM | H - SF | H - RS |
| I - NE | I - KR | I - MC |
| J - RJ | J - MR | J - JR |
| K - SY | ~~K~~ - | |

Scanned with CamScanner

# പൊതുവായ പ്രവർത്തനങ്ങൾ

- Year Plan ക്ലാസ്സ് മുറികളിൽ പ്രദർശിപ്പിക്കൽ
- ക്ലാസ്സ് റൂം ആക്ടിവിറ്റി റിക്കോർഡ്
- സബ്ജക്റ്റ് കൗൺസിൽ ചേരുക (എല്ലാ മാസവും 1-ാം തിയ്യതിയും 15-ാം തിയ്യതിയും)
- SRG Meeting (എല്ലാ മാസവും 14-ാം തിയ്യതി 30-ാം തിയ്യതി)
- മാതൃകാ ക്ലാസ്സ്റൂം പദ്ധതി
- ക്ലാസ്സ് അസംബ്ലി
- അച്ചടക്ക സമിതി ചേരുക ( മാസത്തിൽ ഒരുതവണ)
- ക്ലാസ്സ് റൂമുകളിൽ ICT സാധ്യത ഉപയോഗപ്പെടുത്തുക
- തനത് പ്രവർത്തനം ശക്തിപ്പെടുത്തുക (M lega)
- സ്കൂൾ പാർലിമെന്റ്
- പ്രതിഭാനിർണയ പരീക്ഷ (8-ാം തരം)
- GEMS -27
- Mornign Class, Evening Class ( 10-ാം തരം)
- Class library & Reading Corner
- ഗൃഹ സന്ദർശനം
- അധ്യാപകർക്കുള്ള കൈ പുസ്തകം

Scanned with CamScanner

# ജൂൺ 2025

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല |
|---|---|---|
| 1 | പ്രവേശനോത്സവം | മുഴുവൻ അദ്ധ്യാപകരും |
| 2 | Know Your Learners - 8,9,10 ക്ലാസ്സുകളിൽ Basic Knowledge Assignment നടത്തി എഴുത്തും വായനയും അറിയാത്ത കുട്ടികളെയും, പഠനവൈകല്യം/പഠന പിന്നോക്കമുള്ള കുട്ടികളേയും കണ്ടെത്തൽ | ക്ലാസ്സ് ടീച്ചർ |
| 3 | പരിഹാര ബോധനം ആരംഭം | ക്ലാസ്സ് ടീച്ചർ, ചുമതല നൽകുന്നവർ |
| 4 | പരിസ്ഥിതി ദിനാചരണം ജൂൺ 5 | പരിസ്ഥിതി ക്ലബ്ബ് കൺവീനർ |
| 5 | വായനാദിനം ജൂൺ 19 | വിദ്യാരംഗം കലാസാഹിത്യ വേദി |
| 6 | ലോക ലഹരി വിരുദ്ധ ദിനം ജൂൺ 26 | ഹെൽത്ത് ക്ലബ്ബ് കൺവീനർ |
| 7 | രക്ഷിതാവിനെ പരിചയപ്പെടൽ ക്ലാസ്സ് പി.ട.എ | ക്ലാസ്സ് ടീച്ചർ |
| 8 | പിയർ ഗ്രൂപ്പ് രൂപീകരണം | ക്ലാസ്സ് ടീച്ചർ |
| 9 | വിജയാരവം –പ്രതിഭകൾക്കുള്ള അനുമോദനം | PTA & Management |
| 10 | സ്കൂൾ തല അദ്ധ്യാപക ശാക്തീകരണം | SRG |
| | | |

Scanned with CamScanner

# ജൂലൈ 2025

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല |
|---|---|---|
| 1 | ക്ലബ്ബ് രൂപീകരണം | ക്ലബ്ബ് കൺവീനർ |
| 2 | ക്ലബ്ബ് കൺവീനർ പ്രവർത്ത പദ്ധതി തയ്യാറാക്കി SRG കൺവീനറെ ഏൽപ്പിക്കുക | |
| 3 | 1st Mid Termപരീക്ഷ (Xstd)<br>8,9 ക്ലാസ്സിന് ക്ലാസ്സ് ടെസ്റ്റ് | പരീക്ഷ ബോർഡ് |
| 4 | ചാന്ദ്രദിനം ജൂലൈ 21 | സയൻസ് ക്ലബ്ബ് |
| 5 | ലോക പ്രകൃതി സംരക്ഷണ ദിനം ജൂലൈ 28 | പരിസ്ഥിതി ക്ലബ്ബ് |
| 6 | പിയർ ഗ്രൂപ്പ് ലീഡർമാർക്കുള്ള ശിൽപശാല | SRG |
| 7 | ജനറൽ പി.ടി.എ | HM |
| 8 | കലാമേളയ്ക്ക് വേണ്ടിയുള്ള ഒരുക്കം (ഗ്രൂപ്പ് തിരിക്കൽ) | സ്കൂൾ കലാമേള കൺവീനർ |
| 9 | NMMS പരീക്ഷ പരിശീലനം ആരംഭം | IZ,PM, സിയാദ് |
| | | |

Scanned with CamScanner

# ആഗസ്റ്റ് 2025

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല |
|---|---|---|
| 1 | ഹിരോഷിമാ ദിനം ആഗസ്റ്റ് 6 | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 2 | സ്വാതന്ത്ര്യ ദിനാഘോഷം ആഗസ്റ്റ 15 | അദ്ധ്യാപകർ, NCC, SPC, JRC |
| 3 | സ്കൂൾ കലാമേള കായിക മേള | സ്കൂൾ കലാമേള കൺവീനർ |
| 4 | സബ്ജില്ലാ/റവന്യൂ ജില്ലാ/ സംസ്ഥാന കലാമേള ചുമതല വിഭജനം | കൺവീനർ, AO |
| 5 | പാദവാർഷിക പരീക്ഷ | പരീക്ഷ ബോർഡ് |
| 6 | ഓണാഘോഷം | |
| | | |

Scanned with CamScanner

# സെപ്റ്റംബർ 2025

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല |
|---|---|---|
| 1 | ദേശീയ അദ്ധ്യാപകദിനം സെപ്റ്റംബർ 5 | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 2 | ഓസോൺ ദിനം സെപ്റ്റംബർ 16 | സയൻസ് ക്ലബ്ബ് |
| 3 | ക്ലാസ്സ് പി.ടി.എ ( 8,9,10 പാദവാർഷിക പരീക്ഷ റിസൽട്ട് അവലോകനം) | ക്ലാസ്സ് ടീച്ചർ |
| 4 | സ്കൂൾ ശാസ്ത്ര മേള | ശാസ്ത്ര രംഗം കൺവീനർ<br>ക്ലബ്ബ് കൺവീനർമാർ |
| 5 | മോറൽ എഡ്യുക്കേഷൻ (8,9,10 ക്ലാസ്സ്) | SRG |
| 6 | പാദവാർഷിക പരീക്ഷാ പ്രതിഭകളെ അനുമോദിക്കൽ (സ്കൂൾ അസംബ്ലി) | HM |
| | | |

Scanned with CamScanner

# ഒക്ടോബർ 2025

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല |
|---|---|---|
| 1 | ഗാന്ധി ജയന്തി ഒക്ടോബർ 2 | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 2 | A+ ഒരുക്കങ്ങൾ | എഡ്യുകെയർ കൺവീനർ IZ, TP |
| 3 | ഡ്രൈഡേ | ഹെൽത്ത് ക്ലബ്ബ് |
| 4 | മോട്ടിവേഷൻ ക്ലാസ്സ് 10 – ാം തരം | എഡ്യുകെയർ കൺവീനർ ഹാരിസ് പണാറത്ത് |
| 5 | Teen's Meet (Boys) | ജാഗ്രതാ സമിതി |
| | | |

Scanned with CamScanner

# നവംബർ 2025

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല |
|---|---|---|
| 1 | കേരളപ്പിറവി ദിനം നവംബർ 1 | ക്ലാസ്സ് ടീച്ചർ |
| 2 | C.V രാമൻ ദിനം | ക്ലാസ്സ് ടീച്ചർ |
| 3 | ശിശുദിനം നവംബർ 14 | ക്ലാസ്സ് ടീച്ചർ |
| 4 | II$^{nd}$ Mid Term പരീക്ഷ (10 – ാം തരം)<br><br>8.9 ക്ലാസ്സ് ടെസ്റ്റ് | പരീക്ഷ ബോർഡ് |
| 5 | ക്ലാസ്സ് പി.ടി.എ (II$^{nd}$ Mid Term പരീക്ഷയുടെ മാർക്ക് അവലോകനം, അർദ്ധ വാർഷിക പരീക്ഷയ്ക്ക് ആവശ്യമായ ബോധവൽകരണം. | ക്ലാസ്സ് ടീച്ചർ |
| | | |

Scanned with CamScanner

# ഡിസംബർ 2025

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല |
|---|---|---|
| 1 | സ്കൂൾ ടൂർ (ഡിസംബർ ആദ്യം) | ടൂൺ കൺവീനർ |
| 2 | Teen's meet Girls | ജാഗ്രത സമിതി |
| 3 | അർദ്ധവാർഷിക പരീക്ഷ | പരീക്ഷ ബോർഡ് |
| 4 | സ്റ്റാഫ് ടൂർ (വെക്കേഷൻ) | |

Scanned with CamScanner

# ജനുവരി 2026

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല |
|---|---|---|
| 1 | പുതുവർഷാഘോഷം Awakening Assembley | ഹാരിസ് പണാറത്ത് ക്ലാസ്സ് ടീച്ചർ |
| 2 | റിപ്പബ്ലിക്ക് ദിനം | NCC, SPC |
| 3 | ക്ലാസ്സ് പി.ടി.എ (8,9,10 അർദ്ധവാർഷിക പരീക്ഷ അവലോകനം) | ക്ലാസ്സ് ടീച്ചർ |
| 4 | റിവിഷൻ എസ്.എസ്. എൽ.സി | |
| 5 | സ്പെഷ്യൽ പ്രോഗ്രാംസ് (എസ്.എസ്. എൽ.സി) | എഡ്യുകെയർ കൺവീനർ, ഹാരിസ് പണാറത്ത് , LZ, SRG |
| 6 | നൈറ്റ് ക്ലാസ്സ് | |
| | | |

Scanned with CamScanner

MIM HIGHER SECONDARY SCHOOL PERODE

# MIM
## HIGHER SECONDARY SCHOOL PERODE



# 8th CLASS
# TEACHER'S HAND BOOK
## PART - 1

TEACHERS ARE THE INHERITORS OF PROPHETS

School Resource Group
2025-26

Scanned with CamScanner



## സന്ദേശം

മാറുന്ന കാലത്തിന് അനുഗുണമായ രീതിയിൽ നമ്മളും മാറ്റങ്ങൾ വരുത്തേണ്ട അനിവാര്യമായ ഘട്ടത്തിലൂടെയാണ് കടന്നു പോയിക്കൊണ്ടിരിക്കുന്നത്. സർക്കാർ തലത്തിൽ ഗുണമേന്മാ വിദ്യാഭ്യാസം ലക്ഷ്യം വെച്ച് തുടങ്ങിയ വർത്തമാന കാലത്ത് ഗുണമേന്മാ വിദ്യാഭ്യാസത്തോടൊപ്പംതന്നെ കാലഘട്ടത്തെ കൂടി മനസ്സിലാക്കി കുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് ഉതകുന്ന രീതിയിൽ മക്കളെ ചിട്ടപ്പെടുത്തുക എന്നതാണ് നമ്മൾ ലക്ഷ്യം വെക്കുന്നത്. ഇതിനുതകുന്ന രീതിയിൽതന്നെ ക്ലാസ്സും ക്ലാസ്സിൽ നടക്കുന്ന പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും എല്ലാ കുട്ടികൾക്കും ഒരു പോലെ ലഭിക്കുന്നതിന് വേണ്ടിയാണ് നാം പുതുതായി ഇങ്ങനെയൊരു പദ്ധതി ആസൂത്രണം ചെയ്തത്. എല്ലാവരുടെയും സജീവമായ ഇടപെടലും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

**അബ്ദുൽ ജലീൽ. കെ**<br>
ഹെഡ്മാസ്റ്റർ

പേരോട്
29-5-2025

Scanned with CamScanner

## ആമുഖം

എട്ടാം ക്ലാസ് ഒരു ചെറിയ ക്ലാസ്സ് അല്ല. കുട്ടിക്കാലത്തിൽ നിന്നും കൗമാരത്തിലേക്കുള്ള പരിണാമം നടക്കുന്ന ഒരു ഘട്ടത്തിൽ ആണ് നമ്മുടെ മുന്നിൽ അവരുള്ളത്. ഒരു പ്രൈമറി ടീച്ചറുടെ ജാഗ്രതയോടെയും സെക്കണ്ടറി അധ്യാപകന്റെ ഉൾക്കാഴ്ചയോടെയും വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുന്ന ടീച്ചർ ആയത്കൊണ്ടാണ് താങ്കളെ എട്ടാം ക്ലാസ്സിന്റെ ചുമതല സ്കൂൾ ഏൽപ്പിച്ചത്.

ഈ പ്രായത്തിൽ കിട്ടേണ്ടതെല്ലാം അവർക്ക് കിട്ടണം. അവസരങ്ങൾ കിട്ടുക എന്നത് എല്ലാവരുടേയും അവകാശമാണ്. നമ്മളൊക്കെ മനസ്സിലാക്കിയത് പോലെ കേവലം പുസ്തക പഠനത്തിലൂടെ വിവിധ വിഷയങ്ങളിൽ അറിവ് നേടാൻ മാത്രമല്ലല്ലോ  അവർ സ്കൂളിൽ വരുന്നത്. വളരെ ഫലപ്രദമായ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമായ ഈ കാലത്ത് ഒരു നല്ല വിദ്യാർത്ഥിയെ തേച്ചു മിനുക്കി എടുക്കാനുള്ള ഉത്തരവാദിത്തമാണ് നമ്മൾ അധ്യാപകർക്കുള്ളത്.

നമ്മുടെ വിദ്യാലയത്തിൽ ഈ വർഷം പ്രവേശനം നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും നിർബന്ധമായും കിട്ടേണ്ട കാര്യങ്ങൾ ഉറപ്പ് വരുത്താനാണ് ഈ Class Teacher's Handbook നമ്മൾ ചർച്ചയ്ത് നടപ്പിലാക്കുന്നത്. കോമൺ മിനിമം പരിപാടികൾ എല്ലാ വിദ്യാർത്ഥികൾക്കും എത്തുന്നുണ്ട് എന്ന് നമുക്ക് ഇടക്കിടെ പരിശോധന നടത്താനുള്ള ഒരു വഴിയാണ് ഇത്.

എറ്റവും മികച്ച അധ്യയന വർഷം ആശംസിക്കുന്നു.

**ഇസ്സുദ്ദീൻ പി.കെ**
കൺവീനർ (എട്ടാം ക്ലാസ്സ്)

Scanned with CamScanner

## ഉള്ളടക്കം


1. ക്ലാസ്സ് ടീച്ചർ
2. ക്ലാസ്സ് – ഭൗതിക സാഹചര്യങ്ങൾ
3. ക്ലാസ്സ് പി.ടി.എ
4. ക്ലാസ്സ് ലീഡർ
5. വിദ്യാർത്ഥിയെ അറിയൽ
6. ഡിസ്ചാർജ്ജ് സമ്മറി
7. ഡയഗ്നോസ്റ്റിക് ടെസ്റ്റ്
8. ക്ലാസ്സ് സഭ
9. പിയർ ഗ്രൂപ്പ്
10. ക്ലാസ്സ് ലൈബ്രറി
11. ക്ലാസ്സ് അസംബ്ലി
12. WORLD LAST WEEK
13. GEMS - 28
14. ADUPPAM
15. UYARE
16. NMMS
17. CLASS OF THE WEEK
18. ഉച്ചക്കഞ്ഞി
19. അച്ചടക്കം
20. മഴ ക്യാമ്പ്
21. പ്രചോദന ക്ലാസ്സുകൾ
22. STAR OF THE WEEK
23. ധാർമ്മികതയുടെ പാഠങ്ങൾ
24. സെമിനാറുകൾ – സംവാദങ്ങൾ
25. ദിനാചരണങ്ങൾ
26. നാടകക്കളരി
27. റെമഡിയൽ ടൈഷേഴ്സ്
28. CARE
29. പബ്ലിക് സ്പീക്കിംഗ്
30. ഷീ ക്യാമ്പ്
31. ബോയ്സ് ഫെസ്റ്റ്
32. ലളിതം ഗണിതം
33. സയൻസ് ക്യാമ്പ്
34. ആകാശ നിരീക്ഷണം
35. ഫീൽഡ് ട്രിപ്പ്
36. സോക്കർ സീരീസ്
37. ക്ലാസ്സ് സ്പോർട്സ്
38. സമ്മാനമഴ
39. ചുമതലകൾ


Scanned with CamScanner

## 1 – ക്ലാസ്സ് ടീച്ചർ

വലിയൊരിലോകം നന്നാക്കാൻ കുഞ്ഞുണ്ണി മാഷ് പറഞ്ഞ ഒറ്റമൂലി സ്വയം നന്നാവുക എന്നാണ്. 1200 ൽ അധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയം അതിന്റെ ഏറ്റവും ഉന്നതിയിൽ എത്തിക്കാൻ ഉള്ള ഒരു എളുപ്പ വഴി, സ്വന്തം ക്ലാസ്സ് നന്നാക്കുക എന്നതാണ്. ഉണർന്നിരിക്കുന്ന പകൽ സമയത്തിലെ വലിയൊരു ഭാഗം അവർ നമ്മുടെ കൂടെയാണ് ഉള്ളത്. അവരുടെ പഠന കാലത്ത് അവരിൽ ഏറ്റവും സ്വാധീനം ഉണ്ടാക്കുന്ന ആളുകളായി മാറാൻ കഴിയുന്നവരാണ് അവരുടെ ക്ലാസ്സ് ടീച്ചർമാർ.

പിന്തുടർന്ന്കൊണ്ടേയിരിക്കുക എന്നതാണ് ഒരു ക്ലാസ്സ് ടീച്ചർ ചെയ്യേണ്ടത്. ജൂൺ ഒന്നു മുതൽ അധ്യയന വർഷത്തിന്റെ അവസാന ദിനംവരെ എല്ലാ തലത്തിലും ക്ലാസ്സ് ടീച്ചറുടെ സാന്നിധ്യം വിദ്യാർത്ഥികൾക്ക് 'ഫീൽ' ചെയ്യുന്ന രീതിയിലാണ് ക്ലാസ്സ് ടീച്ചർ ഉണ്ടാവേണ്ടത്.

## 2 – ക്ലാസ്സ് – ഭൗതിക സാഹചര്യങ്ങൾ

വിദ്യാർത്ഥിക്ക് അത് അവന്റെ ലോകം ആണ്. അവന് അവന്റെ മേൽ വിലാസം കൂടിയാണത്. അതിനോട് അവന്റെ വീട്ടിലെ ഏറ്റവും പ്രിയപ്പെട്ട ഇടത്തോട് തോന്നുന്ന ഇഷ്ടം തോന്നുന്ന രീതിയിൽ ആ ക്ലാസ്സിനെ ഒരുക്കാൻ നമുക്ക് ആവണം. ഇഷ്ടത്തോടെ വന്നിരിക്കുന്ന ഒരിടത്ത് നിന്നും അവൻ ആകാശത്തോളം സ്വപ്നം കാണാൻ തുടങ്ങട്ടെ.

നിലവിൽ നമ്മുടെ എല്ലാ ക്ലാസ്സ് റൂമുകളും ഹൈടെക് ക്ലാസ്സ് റൂമുകൾ ആണ്. പ്രൊജക്ടർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ജൂൺ ആദ്യ ആഴ്ചയിൽ തന്നെ പ്രവർത്തിച്ച് തുടങ്ങുന്ന രീതിയിൽ ആണെന്ന് ജൂൺ 1 ന് മുമ്പേ ഉറപ്പുവരുത്തേണ്ടതാണ്.

ക്ലാസ്സ് പി.ടി.എ യുടെ സഹായത്തോടെ കൂടുതൽ ആകർഷകമാക്കാൻ പറ്റും. ക്ലാസ്സ് ലൈബ്രറി, റീഡിംഗ് കോർണർ തുടങ്ങിയവയും ക്ലാസ്സിനെ മനോഹരമാക്കും. ക്ലാസ്സ് റൂമിലെ മേശയിൽ ചെറിയ ഒരു ഫ്ളവർ വേസ്, ചുമരിൽ ചില അലങ്കാര ചിത്രങ്ങൾ



Scanned with CamScanner

തുടങ്ങിയ ചെറിയ ചെറിയ ഇൻപുട്ടുകൾ ക്ലാസ്സിനെ മനോഹരമാക്കുന്നു. ഈ രീതിയിൽ മനോഹരമാക്കാൻ കുട്ടികളുടെ പങ്ക് ഉണ്ടാവുമ്പോഴാണ് ക്ലാസ്സ് റൂം അവന്റെ പ്രിയപ്പെട്ട ഇടമായി മാറുന്നത്.

## 3 – ക്ലാസ്സ് പി.ടി.എ

വളരെ സജീവമായ ക്ലാസ്സ് പി.ടി.എ ഉണ്ടാവുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. സാധാരണമായി മൂന്ന് തവണയാണ് പി.ടി.എ യോഗം എന്ന നിലയിൽ രക്ഷിതാക്കൾ സ്കൂളിൽ വരുന്നത്.

ആദ്യ ക്ലാസ്സ് പി.ടി.എ വളരെ പ്രധാനപ്പെട്ടതാണ്. രക്ഷിതാക്കളിൽ സ്കൂളിനെക്കുറിച്ചുള്ള മതിപ്പ് ഉണ്ടാക്കിയെടുക്കേണ്ടത് ഈ യോഗത്തിൽ വെച്ചാണ്. സജീവമായി ഇടപെടുന്ന ക്ലാസ്സ് പി.ടി.എ ഭാരവാഹികളെ തെരഞ്ഞെടുക്കുക എന്നതും വളരെ പ്രധാനം തന്നെ. ദൈനംദിന കാര്യങ്ങളിൽ ഇടപെടാൻ കഴിയുന്ന രീതിയിൽ അവരെ മാറ്റിയെടുക്കാൻ കഴിയണം. ആവശ്യമെങ്കിൽ ക്ലാസ്സ് പി.ടി.എ ഭാരവാഹികളായ മൂന്ന് പേർക്ക് പുറമെ അഞ്ച് പേരെ കൂടി ചേർത്ത് ക്ലാസ്സ് പി.ടി.എ ഉപ സമിതി രൂപീകരിക്കുകയും ക്ലാസ്സിൽ നടക്കുന്ന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യാം.

## 4 – ക്ലാസ്സ് ലീഡർമാർ

കൂടുതൽ ഉത്തരവാദിത്തം ഏൽപ്പിക്കപ്പെടുമ്പോഴാണ് വിദ്യാർത്ഥികൾ സ്വന്തത്തോട് ഉത്തരവാദിത്തമുള്ളവരായി മാറുന്നത്. രണ്ട് ലീഡർമാർക്ക് പുറമെ 5 പിയർ ഗ്രൂപ്പുകൾക്കായി 10 ലീഡർമാരെയും, ക്ലാസ്സ് സഭയിലെ മന്ത്രിമാരെയും നിയമിക്കണം. ക്ലാസ്സിലെ മറ്റുള്ള പരിപാടികൾ വരുമ്പോൾ (ഉദാ: ഓണസദ്യ) ഇവയിലൊന്നും പെടാത്ത വേറെ വിദ്യാർത്ഥികളേയും നായക സിദ്ധി ആർജ്ജിക്കുന്നതിനായി ചാർജ് നൽകാവുന്നതാണ്. വിവിധ പരിപാടികൾ വരുമ്പോൾ ഇതുവരെ രംഗത്ത് വരാത്ത വിദ്യാർത്ഥിക്ക് ചാർജ്ജ് നൽകാവുന്നതാണ്.



Scanned with CamScanner

## 5 – വിദ്യാർത്ഥിയെ അറിയൽ

ആറാം പ്രവൃത്തി ദിനം കഴിഞ്ഞാൽ പിന്നെ രജിസ്റ്ററിൽ ഉള്ള വിദ്യാർത്ഥികളുടെ സ്കൂളിലെ രക്ഷിതാവാണ് ക്ലാസ് ടീച്ചർ. വേറെ ഏത് അധ്യാപകനെക്കാളും വിദ്യാർത്ഥിയെ കൂടുതൽ അറിയാൻ പറ്റുക ക്ലാസ്സ് ടീച്ചർക്കാണ്. സ്കൂൾ തുറന്ന് ആദ്യ ആഴ്ച തന്നെ വിദ്യാർത്ഥിയെ അടുത്തറിയാനുള്ള ശ്രമം ആരംഭിക്കണം. സാമ്പത്തിക അവസ്ഥ, മാതാപിതാക്കളുടെ അവസ്ഥ, സാമൂഹിക സാഹചര്യങ്ങൾ, പഠന നേട്ടങ്ങൾ, വീട്, സ്കോളർഷിപ്പ് നേടിയ വിവരങ്ങൾ, കലയിലും കായികത്തിലും ഉള്ള മികവ്, ബ്രോക്കൺ ഫാമിലിയിൽ നിന്നാണോ കുട്ടി വരുന്നത് തുടങ്ങിയ കുട്ടികൾ തുറന്നുപറയുന്നതും പറയാൻ മടിക്കുന്നതുമായ കാര്യങ്ങൾ അറിയാൻ ക്ലാസ്സ് ടീച്ചർക്ക് കഴിയണം. കുട്ടിയുടെ അഭിമാനവും സ്വകാര്യതയും ഹനിക്കുന്ന വാക്കോ പ്രവൃത്തിയോ ക്ലാസ്സ് ടീച്ചറുടെയോ മറ്റ് അധ്യാപകരുടെയോ ഭാഗത്ത് നിന്നും ഉണ്ടാവുന്നില്ല എന്ന് ഉറപ്പ് വരുത്തണം.

വിവിധ രീതികൾ ഇതിനായി ഉപയോഗിക്കാം. ഗൃഹസന്ദർശനമാണ് ഏറ്റവും ഫലപ്രദമായ രീതി. ജൂൺ മാസം തന്നെ പൂർത്തീകരിക്കൽ വളരെ നല്ലതാണ്. മറ്റൊരു വഴി നിശ്ചിത ഫോറം വിദ്യാർത്ഥികളുടെ കയ്യിൽ കൊടുത്ത് രക്ഷിതാവിന്റെ സാന്നിധ്യത്തിൽ പൂരിപ്പിച്ച് തിരികെ വാങ്ങി പഠിച്ച് ഫയൽ ചെയ്ത് സൂക്ഷിക്കുക എന്നതാണ്.

## 6 – ഡിസ്ചാർജ്ജ് സമ്മറി

സത്യം പറഞ്ഞാൽ അവരെ ഇവിടെ അഡ്മിറ്റ് ചെയ്തതാണ്. ക്ലാസ്സ് ടീച്ചർ ആണ് ഡോക്ടർ. അദ്ദേഹം മാസങ്ങളോളം അവരെ നല്ല രീതിയിൽ പരിചരിക്കുന്നു. ശേഷം ഏപ്രിൽ മാസം അടുത്ത ക്ലാസ്സിലേക്ക് പ്രമോഷൻ ചെയ്യുമ്പോൾ ഓരോ കുട്ടിയെക്കുറിച്ചും ഒരു ഡിസ്ചാർജ് സമ്മറി കൊടുക്കാൻ ക്ലാസ്സ് ടീച്ചർക്ക് ആവുന്ന രീതിയിൽ ഓരോ കുട്ടിയേയും സൂക്ഷ്മമായി പഠിക്കാൻ ക്ലാസ്സ് ടീച്ചർക്ക് പറ്റണം. ഡിസ്ചാർജ് സമ്മറിയിൽ ക്ലാസ്സിൽ നടന്ന പരീക്ഷകളുടെ പ്രോഗ്രസ്സ് കാർഡ്, വിദ്യാർത്ഥിയുടെ വിവിധ നേട്ടങ്ങൾ, സ്വഭാവത്തിലെ പ്രത്യേകതകൾ എന്നിവ രേഖപ്പെടുത്താൻ പറ്റണം. ഒരു വിദ്യാർത്ഥിക്ക് ഒരു ഫയൽ അക്കാദമിക വർഷത്തിന്റെ ആദ്യം മുതലേ സൂക്ഷിച്ച്വെക്കുകയും പ്രമോഷൻ സമയത്ത് പ്രസ്തുത ഫയൽ അടുത്ത വർഷത്തെ ക്ലാസ്സ് ടീച്ചർക്ക് നൽകുകയും ചെയ്യണം.



Scanned with CamScanner

## 7 – ഡയഗ്നോസ്റ്റിക് ടെസ്റ്റ്

ആറാം പ്രവൃത്തി ദിവസത്തിന് ശേഷം ഏഴാമത്തെ പ്രവൃത്തി ദിവസം വിദ്യാർത്ഥികളെ കുറിച്ച്, അവരുടെ പഠന മികവും, വിവിധ വിഷയങ്ങളിൽ അവർക്ക് ഉറപ്പാക്കേണ്ട പഠന പിന്തുണ എന്തൊക്കെയാണെന്നും തിരിച്ചറിയാനും രണ്ട് മണിക്കൂർ നീളുന്ന ഒരു പരീക്ഷ എല്ലാ ക്ലാസ്സുകളിലും ഒരേ സമയം നടത്തണം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലെ നൈപുണ്യവും ശാസ്ത്ര–സാമൂഹ്യശാസ്ത്ര–ഗണിത വിഷയങ്ങളിലെ നൈപുണ്യവും പരിശോധിക്കുന്ന ചോദ്യങ്ങൾ ഉണ്ടാവണം.

ഈ പരീക്ഷയിലെ പ്രകടനം മുൻനിർത്തി വിദ്യാർത്ഥിക്ക് കിട്ടേണ്ട പരിഗണനകളും പഠന പിന്തുണ പ്രവർത്തനങ്ങളും ജൂൺ രണ്ടാം ആഴ്ച മുതൽ തുടങ്ങണം. ക്ലാസ്സിലെ പിയർ ഗ്രൂപ്പ് രൂപീകരണം ഈ പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം. ആദ്യ പി.ടി.എ യിൽ വരുന്ന രക്ഷിതാക്കൾക്ക് ഈ പരീക്ഷ പേപ്പറുകൾ നൽകാനും വിദ്യാർത്ഥി പ്രവേശനം നേടുമ്പോഴുള്ള പഠന അവസ്ഥ അവരെ ബോധ്യപ്പെടുത്തലും ഈ ഡയഗ്നോസ്റ്റിക് ടെസ്റ്റിന്റെ ലക്ഷ്യമാണ്.

## 8 – ക്ലാസ്സ് സഭ രൂപീകരണം

ഓപ്പൺ വോട്ടിംഗ് നടത്തി ക്ലാസ്സ് സഭ രൂപീകരിക്കും.

പോസ്റ്റുകൾ :

- സ്പീക്കർ
- മുഖ്യമന്ത്രി
- ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ
- ആഭ്യന്തര മന്ത്രി
- വിദ്യാഭ്യാസ മന്ത്രി
- ഫുഡ് & ഹെൽത്ത്
- ഫിനാൻസ്
- ലൈബ്രറി
- സാംസ്കാരിക–പരിസ്ഥിതി
- ഐ.ടി
- സ്പോർട്സ്



Scanned with CamScanner

## OATH TAKING CEREMONY

മന്ത്രിമാരുടെ തെരഞ്ഞെടുപ്പിന് ശേഷം OATH TAKING CEREMONY നടത്തും. മന്ത്രിമാരുടെ ഫോട്ടോ വെച്ചുള്ള പോസ്റ്റർ ക്ലാസ്സ് റൂമിൽ പതിക്കും.

## CABINET MEETING

OATH TAKING CEREMONY കഴിഞ്ഞ അന്നുതന്നെ കെബിനെറ്റ് മീറ്റിംഗ് നടക്കും. വിവിധ വകുപ്പുകൾ ചെയ്യാൻ ഉദ്ദേശിക്കുന്ന പരിപാടികൾ അടുത്ത യോഗത്തിലേക്കു എഴുതി അവതരിപ്പിക്കാൻ തീരുമാനിച്ചുകൊണ്ട് യോഗം പിരിയും.

## നയപ്രഖ്യാപന സമ്മേളനം

ക്ലാസ്സ് സഭയുടെ ആദ്യ സമ്മേളനത്തിൽ നയപ്രഖ്യാപനം നടക്കും. വിവിധ വകുപ്പുകൾ തയ്യാറാക്കിയ പ്രവർത്തന പദ്ധതികൾ ക്രോഡീകരിച്ച് തയ്യാറാക്കിയ നയപ്രഖ്യാപനം ഗവർണർ ആണ് നിർവ്വഹിക്കുക. സ്കൂൾ ഹെഡ്മാസ്റ്റർ / സീനിയർ അസിസ്റ്റന്റ് / എസ്.ആർ.ജി. കൺവീനർ / എഡ്യുകെയർ കൺവീനർ / സ്റ്റാഫ് സെക്രട്ടറി ഇവരിൽ ഒരാളായിരിക്കും ഗവർണർ ആയി വരിക.

# 9 - PEER GROUP HUNT

## SEASON 1 (First Term Exam വരെ)

കുട്ടികളെ ജൂൺ മാസം നടത്തുന്ന ഡയഗ്നോസ്റ്റിക് ടെസ്റ്റിന് ശേഷം തുല്യ നിലവാരമുള്ള 5 ടീമുകൾ ആക്കുന്നു. തുടർന്ന് ക്ലാസ്സിൽ നടക്കുന്ന എല്ലാ പരിപാടികളും പോസിറ്റീവ് ആയ മത്സര തൃഷ്ണ കുട്ടികളിൽ ഉണ്ടാക്കുന്ന രീതിയിൽ സംഘടിപ്പിക്കുന്നു.

ക്ലാസ്സ് അസംബ്ലി, ലൈബ്രറി ബുക്കുകളുടെ വിതരണം, ക്ലാസ്സ് ഭംഗിയായി സൂക്ഷിക്കുന്നത് എല്ലാം Peer Group അടിസ്ഥാനത്തിൽ ആയിരിക്കും.

## Peer Group Diary

Peer Group ലീഡർ സൂക്ഷിക്കേണ്ട ഡയറി ആണിത്. ഓരോ ദിവസവും തങ്ങളുടെ അംഗങ്ങൾക്കായി അവർ ചെയ്ത കാര്യങ്ങൾ, അവർ പ്ലാൻ ചെയ്ത കാര്യങ്ങൾ



Scanned with CamScanner

എന്നിവ ഇതിൽ എഴുതിവെക്കണം. ആഴ്ചയിൽ/15 ദിവസം കൂടുമ്പോൾ ഈ ഡയറി ക്ലാസ്സ് ടീച്ചർ പരിശോധിക്കുകയും നിശ്ചിത മാർക്ക് ടീമിന് നൽകുകയും ചെയ്യും.

**ടീമുകൾക്ക് പോയിന്റ്**

ക്ലാസ്സിൽ നടക്കുന്ന ഏതാണ്ട് എല്ലാ പരിപാടികളും മത്സരംപോലെ, കുട്ടികൾക്ക് ആവേശം ഉണ്ടാകുന്ന രീതിയിൽ നടത്താം. കുടിവെള്ളം കൊണ്ടുവരുന്നതിനും ക്ലാസ്സിൽ നിന്നും ലഞ്ച് ഒരുമിച്ചിരുന്ന് കഴിക്കുന്നതിനും വരെ ബോണസ് പോയിന്റുകൾ നൽകാം. സമയാസമയങ്ങളിൽ നോട്ട് ബുക്കുകൾ കംപ്ലീറ്റ് ആണോ എന്ന് ഗ്രൂപ്പുകൾ പരസ്പരം പരിശോധിക്കുകയും പെർഫെക്ട് നോട്ടിന്റെ ഉടമയുടെ ടീമിന് ആകർഷകമായ പോയിന്റ് നൽകുകയും ആവാം. ക്ലാസ്സ് അസംബ്ലിയിലെ പെർഫോമൻസിന് ടീമുകൾക്ക് പോയിന്റ് ഉണ്ട്.

**മൈനസ് പോയിന്റ്**

ബോണസ് പോയിന്റ് നൽകുന്നത് പോലെ മൈനസ് പോയിന്റും നൽകുന്നത് ക്ലാസ്സിന്റെ പൊതുവായ അച്ചടക്കത്തിനും ഉപകരിക്കും. പണിഷ്മെന്റ് നൽകേണ്ടി വരുന്ന അവസരങ്ങളിൽ അതിനോടൊപ്പം ടീമിന്റെ നിശ്ചിത പോയിന്റ് കുറയ്ക്കുക കൂടി ചെയ്താൽ അവനെ നേരെ നടത്താൻ ഗ്രൂപ്പിലെ സഹഅംഗങ്ങളും മുന്നോട്ട് വരും.

**പോയിന്റ് എഴുത്തുകാരൻ**

ക്ലാസ് ടീച്ചർക്ക് ഈ പോയിന്റുകൾ എഴുതിവെക്കാൻ പ്രയാസം വരും. ക്ലാസ്സിലെ ഉത്തരവാദിത്തമുള്ള ഒരു കുട്ടിയെ ഈ കാര്യങ്ങൾക്ക് ക്ലാസ്സ് ടീച്ചറുടെ പേഴ്സണൽ അസിസ്റ്റന്റായി നിയമിക്കാവുന്നതാണ്. കുട്ടികൾ നല്ല നീതിബോധം ഉള്ളവരായതുകൊണ്ട് അവരുടെ ടീമിന്റെ പോയിന്റിൽ പോലും കൃത്രിമം കാണിക്കില്ല എന്നാണ് അനുഭവം.

## PEER GROUP STUDY CAMP

First Term പരീക്ഷയുടെ ഒരുക്കങ്ങളുടെ ഭാഗമായി Study Camp കൾ Peer Group അടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. ഇതിലെ പങ്കാളിത്തം, ഡിസ്കഷൻ ചെയ്യുന്ന Question എന്നിവ പരിഗണിച്ച് ടീമുകൾക്ക് പോയിന്റ് നൽകാം



Scanned with CamScanner

## First Term Examination

ഈ പരീക്ഷവരെയാണ് Peer Group Hunt ന്റെ ഒന്നാം സീസൺ. ഒന്നാം പാദവാർഷിക പരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ ഒരു മത്സരംപോലെ നടക്കുമ്പോൾ കുട്ടികൾക്ക് പരീക്ഷയിൽ മാർക്ക് കൂടാൻ അത് ഉപകരിക്കും. ക്ലാസ്സ് റാങ്ക് പോലെതന്നെ Term മാർക്കിൽ കൂടുതൽ നേടുന്ന (ശരാശരി) ടീമുകൾക്കും അഭിനന്ദനങ്ങൾ നൽകുന്നതും സമ്മാനം നൽകുന്നതും ടോട്ടൽ മാർക്കും വ്യക്തിപരമായി പുറകിൽ നിൽക്കുന്ന കുട്ടികൾക്കും ടീമിന്റെ ഭാഗമായത്കൊണ്ട് പരിഗണന ലഭിക്കുകയും അവരുടെ തുടർ പ്രയാണങ്ങളിൽ ആത്മവിശ്വാസം ലഭിക്കുകയും ചെയ്യും.

### 10 – വായനാദിനം & ലൈബ്രറി ഉദ്ഘാടനം

ലൈബ്രറി മന്ത്രിയുടെയും അവരുടെ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും (സഹായികൾ ആയി ലൈബ്രറി മന്ത്രി കൂടെ കൂട്ടുന്നവർ) നേതൃത്വത്തിൽ ജൂൺ 19 നു മുന്നേ തന്നെ ലൈബ്രറിയുടെ ഒരുക്കങ്ങൾ പൂർത്തിയാക്കും. ജൂൺ 19 ന് ഔപചാരികമായി ലൈബ്രറിയും റീഡിംഗ് കോർണറും ഉദ്ഘാടനം ചെയ്യും.

### ബുക്കുകളുടെ വിതരണം

കുട്ടികളെ അഞ്ച് പിയർ ഗ്രൂപ്പുകളാക്കി തിരിച്ചു അവർക്ക് ഡ്യൂട്ടി നൽകപ്പെട്ട ആഴ്ചയിലെ പ്രത്യേക ദിനത്തിൽ മാത്രമാണ് അവർക്ക് ബുക്കുകൾ വിതരണം ചെയ്യുക.

### വായനക്കുറിപ്പുകൾ

ലൈബ്രറി ബുക്കുകൾ എടുത്ത കുട്ടികൾ അത് തിരിച്ചേൽപ്പിക്കുമ്പോൾ A4 പേപ്പറിൽ തയ്യാറാക്കിയ വായന കുറിപ്പും ലൈബ്രറി മന്ത്രിയെ ഏൽപ്പിക്കണം. ഒരു ടേം കഴിയുമ്പോൾ ഇവ ഒരു ബുക്ക് ആയി ഇറക്കും.

### 11 – ക്ലാസ് അസംബ്ലി

ഓരോ പ്രവർത്തിദിനവും ആരംഭിക്കുന്നത് ക്ലാസ്സ് അസംബ്ലിയോട് കൂടിയായിരിക്കും.



Scanned with CamScanner

ഓരോ ദിവസത്തേയും ചാർജ്ജ് ഉള്ള പിയർ ഗ്രൂപ്പുകൾ ആദ്യ 5-10 മിനുട്ട് സമയം കൊണ്ട് ക്ലാസ്സിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ആണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്.

T M T (Two Minute Talk)

Todays Headlines

Thought For the Day

Class Report

എന്നിവയാണ് അവതരിപ്പിക്കുക.

ഒരാൾ Anchor ആയിരിക്കും.

ടീമിലെ മുഴുവൻ അംഗങ്ങളും ക്ലാസ്സിനെ അഭിമുഖീകരിച്ച് നിൽക്കും.

**ക്ലാസ് റിപ്പോർട്ട്**

വലിയ ഒരു നോട്ട് ബുക്കിൽ, മുൻകൂട്ടി ഡ്യൂട്ടി നൽകപ്പെട്ട ഒരു വിദ്യാർത്ഥി ക്ലാസ്സിൽ നടന്ന എല്ലാ കാര്യങ്ങളും (ക്ലാസ്സിൽ അധ്യാപകർ വന്നതും എടുത്ത ഭാഗവും ഉൾപ്പെടെ) നോട്ട് ചെയ്യുകയും ഒരു റിപ്പോർട്ട് ആക്കി എഴുതി അവതരിപ്പിക്കുകയും ചെയ്യുന്ന രീതി.

**T M T (Two Minute Talk)**

ഇഷ്ടമുള്ള ഒരു വിഷയത്തിൽ രണ്ടു മിനുട്ടിൽ കവിയാത്ത ഇംഗ്ലീഷ് പ്രസംഗം.

**Today's Headlines**

അതായത് ദിവസത്തെ പ്രധാന വാർത്താ തലക്കെട്ടുകൾ. ഓരോ വാർത്തയുടെയും കുഞ്ഞു വിവരണവും ഉണ്ടാവണം.

**Thought of the Day**

ചിന്തിപ്പിക്കുകയും പ്രചോദിപ്പിക്കുന്നതുമായ വാചകങ്ങൾ. ഏത് ഭാഷയിലും



Scanned with CamScanner

## 12 - WORLD LAST WEEK

കുട്ടികളുടെ GK വർദ്ധിപ്പിക്കുന്നതിനും ലോകത്തു നടക്കുന്ന ചലനങ്ങളെ മീഡിയകളിലൂടെ പിന്തുടരുന്ന ശീലം വളർത്തിയെടുക്കുന്നതിന്റെയും ഭാഗമായി എല്ലാ തിങ്കളാഴ്ചകളിലും World Last Week പരിപാടി നടത്തും. ഇത് അവതരിപ്പിക്കുന്ന കുട്ടിയുടെ ടീമിന് ആകർഷകമായ ബോണസ് പോയിന്റ് നൽകണം. ക്ലാസ്സിലെ Reading Corner ൽ നിന്നുള്ള ഒരാഴ്ചത്തെ ന്യൂസ്പേപ്പറുകൾ ഈ ടാസ്ക് ഏറ്റെടുത്ത കുട്ടിക്ക് നൽകാം.

## 13 - GEMS 28

SUCCESS ന്റെ കീഴിൽ നമ്മൾ കഴിഞ്ഞ അക്കാദമിക വർഷം ആരംഭിച്ച GEMS 27 ന്റെ അടുത്ത ബാച്ച് GEMS 28 ന് ജൂണിൽ തന്നെ തുടക്കമാവാം. ഡയഗ്നോസ്റ്റിക് ടെസ്റ്റിൽ നിശ്ചിത ശതമാനം മാർക്ക് വാങ്ങിയവരെ ഉൾപ്പെടുത്തി ജൂണിലെ രണ്ടാം ശനിയാഴ്ച പ്രതിഭാ നിർണ്ണയ പരീക്ഷ നടത്തണം. ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര-ഗണിത ശാസ്ത്ര വിഷയങ്ങളോടൊപ്പം മെന്റൽ എബിലിറ്റി പരിശോധിക്കുന്ന ചോദ്യങ്ങളും ഉണ്ടാവണം. എന്നാൽ CBSE യിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് USS പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിച്ചതുപോലെ മെന്റൽ എബിലിറ്റിയുടെ ക്ലാസുകൾ മുൻ വർഷം ലഭിക്കാൻ സാധ്യത ഇല്ലാത്തതുകൊണ്ട് അവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കുന്ന ചോദ്യപ്പേപ്പറിൽ മെന്റൽ എബിലിറ്റി ചോദ്യങ്ങൾക്ക് പകരം കണക്കിന്റെ അധിക ചോദ്യങ്ങൾ നൽകേണ്ടി വരും.

ഈ പരീക്ഷയ്ക്ക് വേണ്ടിവരുന്ന ചെലവിലേക്ക് കുട്ടികളുടെ കയ്യിൽ നിന്നും രജിസ്ട്രേഷൻ ഫീ വാങ്ങേണ്ടതുണ്ട്. OMR മാതൃകയിലാണ് പരീക്ഷ നടത്തേണ്ടത്.

## 14 - ADUPPAM

SUCCESS ന്റെ ആഭിമുഖ്യത്തിൽ പഠന പ്രശ്നങ്ങൾ ഏറ്റവും നന്നായി അനുഭവിക്കുന്ന, എഴുത്തും വായനയും പോലും ശരിയായി വശമില്ലാത്ത വിദ്യാർത്ഥികളെ കണ്ടെത്തി, വിദ്യാലയത്തോട് ചേർത്ത് നിർത്തി ADUPPAM പരിശീലന പരിപാടി തുടങ്ങണം. ഡയഗ്നോസ്റ്റിക് ടെസ്റ്റിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഇത്



Scanned with CamScanner

ചെയ്യേണ്ടത്. ആവശ്യമെങ്കിൽ സ്കൂൾ കൗൺസിലർ, രക്ഷിതാക്കൾ, ട്രെയിനിംഗ് വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ, നാട്ടിലെ സന്നദ്ധ സംഘടനകൾ തുടങ്ങിയ വരെ ഇതിനായി ഉപയോഗപ്പെടുത്താം.

## 15 - UYARE

പലപ്പോഴും അവഗണിക്കപ്പെടുന്ന വിഭാഗമാണ് മധ്യവർഗ്ഗം. ഇവരാണ് എണ്ണ ത്തിൽ അധികം ഉണ്ടാവുക. എണ്ണകൂടുതൽ ആയത്കൊണ്ടുതന്നെ ഇവർക്ക് നട ത്തേണ്ട പരിശീലന പരിപാടികളും വെല്ലുവിളി നിറഞ്ഞതാണ്. രണ്ടോ മൂന്നോ ക്ലാസ്സു കളിലെ മധ്യവർഗ്ഗ വിദ്യാർത്ഥികളെ ഒരു യൂണിറ്റ് ആയി എടുത്ത് പഠന പ്രവർത്തന ങ്ങൾ സജീവമാക്കുന്നതാണ് പ്രായോഗികം. ക്ലാസ്സിലെ പിയർ ഗ്രൂപ്പ് പ്രവർത്തനങ്ങ ളിൽ നല്ല പരിഗണന ഈ മധ്യവർഗ്ഗത്തിന് ബോധപൂർവ്വം നൽകണം.

UYARE ടീമിലെ വിദ്യാർത്ഥികൾക്ക് വേണ്ടി മാത്രം പരിപാടികൾ സംഘടി പ്പിക്കാം. പ്രസംഗ പരിശീലനം, ശാസ്ത്ര-ഗണിതശാസ്ത്ര വിഷയങ്ങളെ അധികരി ച്ചുള്ള ക്ലാസുകൾ, AI / ROBOTIC പരിശീലനങ്ങൾ, ചെറിയ വരുമാനം പഠനകാ ലത്തുതന്നെ കിട്ടാവുന്ന രീതിയിൽ കരകൗശല വിദ്യകൾ, ഡിസൈൻ വർക്കുകൾ, മൈലാഞ്ചി, കാലിഗ്രാഫി തുടങ്ങിയവയിൽ വർക്ക്ഷോപ്പുകൾ തുടങ്ങിയവ നടത്താം. താൽപര്യമുള്ള വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുന്ന രീതിയിൽ ആയിരിക്കണം പരിപാ ടികൾ. ഇതിന് വരുന്ന ചെലവ് രജിസ്ട്രേഷൻ ഫീ ഇനത്തിൽ കണ്ടെത്തണം. സാമ്പ ത്തിക പ്രയാസം അനുഭവിക്കുന്നവർക്ക് ഇളവ് നൽകണം.

'ഉയരെ' ടീമിൽ വരുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ യോഗം വിളിച്ച് ഇവർക്ക് വേണ്ടിയുള്ള പരിപാടികളെക്കുറിച്ച് വിശദമായ ബോധവൽക്കരണം നടത്തണം.

## 16 - N M M S

നാദാപുരം ഉപജില്ലയിൽ ഏറ്റവും കൂടുതൽ N M M S ജേതാക്കളെ സൃഷ്ടി ച്ചിരുന്നു കുറച്ച് വർഷം മുന്നേ നമ്മൾ. എട്ട് N M M S ജേതാക്കൾ ഉണ്ടായിരുന്ന രണ്ട് വർഷങ്ങൾ നമുക്കുണ്ടായിരുന്നു. ഈവർഷം USS ജേതാക്കളായ നിരവധി



Scanned with CamScanner

വിദ്യാർത്ഥികൾ നമ്മുടെ വിദ്യാലയത്തിൽ പ്രവേശനം നേടിയിട്ടുണ്ട്. ഇത് ഒരവസരമാക്കി മാറ്റി N M M S പ്രവർത്തനങ്ങൾ നേരത്തെ തുടങ്ങിവെക്കണം. GEMS 28 ബാച്ചിൽ വരുന്ന വിദ്യാർത്ഥികൾക്കൊപ്പം USS പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങിയവരെ ക്കൂടി കൂട്ടിച്ചേർത്ത് ജൂൺ മാസം മുതൽ പരിശീലനം തുടങ്ങണം.

പരിശീലനം നൽകാൻ ഏറ്റവും മികച്ചവരെ തന്നെ രക്ഷിതാക്കളുടെ സഹ കരണത്തോടെ ഏർപ്പാടാക്കണം. മോഡൽ പരീക്ഷകൾ ധാരാളം നൽകണം. വിവിധ സബ്ജക്റ്റ് കൗൺസിലുകളുടെ പിന്തുണ ഉറപ്പാക്കണം.

## 17 - CLASS OF THE WEEK

ഓരോ ക്ലാസ്സിലെ വിദ്യാർത്ഥികളും അധ്യാപകനും മത്സര തൃഷ്ണയോടെ തങ്ങളുടെ ക്ലാസിനെ ഹൈലൈറ്റ് ചെയ്യാൻ ശ്രമിക്കണം. ക്ലാസ്സിന്റെ ഭംഗി, ക്ലാസ്സിലെ വിദ്യാർത്ഥികളുടെ അച്ചടക്കം, ക്ലാസ്സിൽ നടക്കുന്ന പരിപാടികൾ തുടങ്ങിയവ മാനദ ണ്ഡമാക്കി ഓരോ ആഴ്ചയും CLASS OF THE WEEK നെ പ്രഖ്യാപിക്കണം. അധ്യാ പകരിൽ മൂന്ന് അംഗങ്ങളെ ഇതിന്റെ ജൂറി അംഗങ്ങളായി തെരഞ്ഞെടുക്കണം. ക്ലാസ്സ് റൂമിന് അകത്തും പുറത്തും നോട്ടീസ് ബോർഡുകൾ സ്ഥാപിക്കുകയും ക്ലാസിലെ പരി പാടികൾ പ്രദർശിപ്പിക്കുകയും വേണം.

CLASS OF THE WEEK ആയി തെരഞ്ഞെടുക്കപ്പെടുന്ന ക്ലാസിന് 'ഗോൾഡൻ ഫ്ളാഗ് ' നൽകണം. തൊട്ടടുത്ത് വരുന്ന ക്ലാസ്സിന് 'സിൽവർ ഫ്ളാഗ്' നൽകണം.

## 18 – ഉച്ചക്കഞ്ഞി

ഉച്ചഭക്ഷണ സമയത്ത് ക്ലാസ്സിലെ വിദ്യാർത്ഥികൾ എല്ലാം ഒരുമിച്ചിരുന്ന് ഉച്ചഭ ക്ഷണം കഴിക്കുന്ന അവസ്ഥയിൽ ക്ലാസ്സിനെ എത്തിക്കാൻ ഒരു ക്ലാസ്സ് ടീച്ചർക്ക് കഴി ഞ്ഞാൽ അതിലും വലിയ നേട്ടം ഇല്ല. കുട്ടികൾ വീട്ടിൽ നിന്നും ലഞ്ച് കൊണ്ടുവരു ന്നത് നിരുത്സാഹപ്പെടുത്താനും പകരം എക്സ്ട്രാ വിഭവം ആയി വല്ലതും കൊണ്ടുവ രാനും മാന്യമായി, സ്നേഹത്തോടെ അത് പരസ്പരം കൈമാറാനും വിദ്യാർത്ഥികളെ പ്രചോദിപ്പിക്കാനും ക്ലാസ്സ് ടീച്ചർക്ക് കഴിയണം. ഭക്ഷണത്തെ ബഹുമാനിക്കാൻ



Scanned with CamScanner

അവരെ ഓർമ്മിപ്പിക്കുന്നതോടൊപ്പം മാന്യമായ രീതിയിലും, കൂടെ ഉള്ളവർക്ക് അരോ ചകമാവാത്ത രീതിയിൽ ടേബിൾ മാനേഴ്സ് പാലിച്ചുകൊണ്ട് ഭക്ഷണംകഴിക്കാനും അവരെ നിരന്തരം ഉപദേശിക്കുന്നതും നല്ലതാണ്.

എട്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾ സ്കൂൾ കോമ്പൗണ്ടിന് പുറത്ത് പോകു ന്നില്ല എന്ന് ക്ലാസ്സ് ടീച്ചർക്ക് ഉറപ്പ് പറയാൻ കഴിയണം. ആദ്യ പി.ടി.എ. യോഗത്തിൽ ഇതിന്റെ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.

ക്ലാസ്സ് ടീച്ചർ ലഞ്ച് സമയത്ത് ക്ലാസ്സിൽ സന്ദർശനം നടത്തുന്ന ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ, ലഞ്ച് സമയത്ത് സ്കൂൾ കോമ്പൗണ്ട് വിട്ട് പോവില്ല. ആഴ്ചയിൽ രണ്ടു ദിവസം എങ്കിലും ക്ലാസ് ടീച്ചർ കുട്ടികളോടൊപ്പം ഉച്ചഭക്ഷണം കഴിക്കുന്ന ക്ലാസ്സ് മനോ ഹരമായ ഒരു കാഴ്ചയായിരിക്കും.

## 19 – അച്ചടക്കം

കണ്ണുരുട്ടി, വടിയെടുത്ത് അച്ചടക്കം ശീലിപ്പിക്കുന്നതിന് പകരം ആന്തരിക മായ അച്ചടക്കം ശീലമാക്കാൻ എല്ലാവർക്കും കഴിയുന്ന രീതിയിലുള്ള ഇടപെടൽ ആണ് ക്ലാസ്സ് ടീച്ചറിൽ നിന്നും ഉണ്ടാവേണ്ടത്. നിരന്തരമായ ഉപദേശങ്ങളും നിർദ്ദേശ ങ്ങളും നൽകുക മാത്രമാണ് അവരെ നല്ല അച്ചടക്കമുള്ള വിദ്യാർത്ഥികളായി മാറ്റാ നുള്ള വഴി. സ്കൂളിലുള്ള ഓരോ നിമിഷവും വിദ്യാർത്ഥികളിൽ തങ്ങളുടെ ക്ലാസ്സ് ടീച്ച റുടെ സാന്നിധ്യം അനുഭവിക്കുന്ന രീതിയിൽ ഇടപെടാൻ ക്ലാസ്സ് ടീച്ചർക്ക് കഴിയണം. രാവിലെയും ഉച്ചയ്ക്കും ഹാജർ എടുക്കാൻ പോകുന്നതിന് പുറമെ സമയം കിട്ടുമ്പോ ഴെല്ലാം കടന്ന് വരുന്ന ഒരു ക്ലാസ്സ് ടീച്ചറെയാണ് ഒരു മികച്ച ക്ലാസ്സ് ആഗ്രഹിക്കുന്നത്.

പിയർ ഗ്രൂപ്പ് പരിപാടികളിലൂടെയും കായിക പരിശീലനങ്ങളിൽ അവരെ എൻഗേജ് ചെയ്യിപ്പിക്കുന്നതിലൂടെയും ക്ലാസ് റൂം അച്ചടക്കം നിലനിർത്താൻ ശ്രമി ക്കാം. ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുന്നതിലൂടെ തന്നോട് തന്നെ ഉത്തരവാദിത്ത മുള്ള വിദ്യാർത്ഥിയായി ഓരോരുത്തരേയും മാറ്റാം.



Scanned with CamScanner

## 20 – മഴ ക്യാമ്പ്

മഴയെ അറിയാനും പ്രകൃതിയിൽ മഴയുടെ ഇടപെടൽ കാരണം ഉണ്ടാവുന്ന മാറ്റങ്ങളും ജീവി വർഗ്ഗങ്ങളെയും പ്രകൃതിയെയും അടുത്തറിയാനുമുള്ള ഒരു പകൽ. പരിസ്ഥിതി പ്രവർത്തകരോടൊത്തുള്ള മഴ നടത്തം ഇതിന്റെ ഹൈലൈറ്റ് ആണ്.

## 21 – പ്രചോദന ക്ലാസ്സുകൾ

മോട്ടിവേഷൻ ക്ലാസ്സുകൾക്കുള്ള പ്രാധാന്യം ഇനിയും കുറഞ്ഞിട്ടില്ല. വിദ്യാർത്ഥികളിൽ പഠന തൽപരതയും കരിയർ പ്രചോദനം സൃഷ്ടിക്കാനും പ്രചോദന ക്ലാസ്സുകൾ സഹായിക്കുന്നു.

## 22 - STAR OF THE WEEK

എല്ലാവരും നക്ഷത്രങ്ങളാണ്. ഓരോ വിദ്യാർത്ഥിയും അംഗീകാരം കൊതിക്കുന്നവരാണ്. ഉയർന്ന മാർക്ക് നേടിയും മികച്ച പ്രകടനം നടത്തിയും ക്ലാസ്സിൽ ശ്രദ്ധേയരാവാൻ എല്ലാവർക്കും കഴിയില്ല.

സ്റ്റാർ ഓഫ് ദ വീക്ക് ആയി മാറാൻ ക്ലാസ്സിലെ എതൊരു കുട്ടിക്കും അവസരമുണ്ട്. ഒരു തിങ്കൾ മുതൽ വെള്ളിയാഴ്ചവരെയുള്ള പ്രകടനങ്ങളാണ് ഇതിന് അടിസ്ഥാനമാക്കുന്നത്. ക്ലാസ്സ് ടീച്ചറുടെ ശ്രദ്ധയിൽ പെടുന്ന നല്ല, വേറിട്ട ഒരു പ്രകടനം നടത്തിയ വിദ്യാർത്ഥിയെ സ്റ്റാർ ഓഫ് ദി വീക്ക് ആയി പ്രഖ്യാപിക്കാം. ക്ലാസ്സിലെ ചുമരിൽ പ്രത്യേകം സ്ഥാപിച്ച സ്റ്റാർ ഓഫ് ദ വീക്ക് എന്ന സ്ഥലത്ത് ഈ വിദ്യാർത്ഥിയുടെ പേര്, അടുത്ത സ്റ്റാറിനെ പ്രഖ്യാപിക്കുന്നുവരെ എഴുതിവെക്കുകയും വേണം.

എതെങ്കിലും മത്സരത്തിൽ വിജയിക്കുന്നത്, എവർക്കും മാതൃകയാക്കാൻ പറ്റുന്ന സ്വഭാവത്തിലെ/പെരുമാറ്റത്തിലെ ക്ലാസ്സ് ടീച്ചർ ശ്രദ്ധിച്ച എതെങ്കിലും പ്രത്യേകതകൾ തുടങ്ങിയവ കാരണമാക്കി സ്റ്റാറിനെ തെരഞ്ഞെടുക്കാം.

കുട്ടികളുടെ ചെറിയ ചെറിയ കാര്യങ്ങളിൽപോലും ശ്രദ്ധിക്കാനുള്ള ത്വര ടീച്ചർമാരിൽ ഉണ്ടാക്കാനും പരിഗണന അർഹിക്കുന്ന കുട്ടികളിൽ ആത്മാഭിമാനം ഉണ്ടാക്കിയെടുക്കാനും ഇത് കാരണമാകും.



Scanned with CamScanner

## 23 – ധാർമ്മികതയുടെ പാഠങ്ങൾ

ക്ലാസ്സ് ടീച്ചറിൽ നിന്നും ഓരോദിവസവും കേൾക്കേണ്ടുന്നതാണിത്. ഉപദേശിച്ച് അവരുടെ മുന്നിൽ പിന്നെയും പിന്നെയും 'തന്തവൈബ് ആവുക' എന്നതിൽ നിന്നും മാറി കഥകളിലൂടെയും ഉദ്ധരണികളിലൂടെയും ചെറിയ ചെറിയ വീഡിയോകൾ കാണിച്ചും അവരിലേക്ക് പലതും ഇൻപുട്ട് ചെയ്തോണ്ടിരിക്കാം. പത്രവാർത്തകളും റീൽസും വരെ ഇതിന് കാരമണാക്കാം. അധ്യാപകർ തന്നെയാണ് ഇപ്പോഴും സോഷ്യൽ എഞ്ചിനിയർ.

## 24 – സെമിനാറുകൾ – സംവാദങ്ങൾ

ക്ലാസ്സ് റൂം തന്നെയാണ് അവരുടെ ഏറ്റവും വലിയ വേദി. ഇവിടെ ആത്മവിശ്വാസമുള്ളവരായി അവർ വളരാനുള്ള എല്ലാ അവസരങ്ങളും നമ്മൾ ഒരുക്കണം. വളരെ ഉയർന്ന മാർക്ക് വാങ്ങിയിട്ടും ആത്മവിശ്വാസത്തോടെ അവരുടെ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾ ഉണ്ട്. രംഗഭീതിയും ആത്മവിശ്വാസക്കുറവും കരിയറിലുടനീളം അവരെ  ബാധിക്കും.

ചെറിയ ചെറിയ വിഷയങ്ങളിൽ സെമിനാറുകളും സംവാദങ്ങളും പ്രഭാഷണങ്ങളും സംഘടിപ്പിക്കാം. കൾച്ചറൽ പരിപാടികളുടെ ഭാഗമായും ദിനാചരണങ്ങളുടെ ഭാഗമായും ഇവ നടത്താം.

ഒരേ മുഖങ്ങൾ തന്നെ പലപ്പോഴും വരുന്നതിന് പകരം ഉൾവലിഞ്ഞു നിൽക്കുന്നവരെ ഉന്തി പുറത്തെത്തിക്കാനും ക്ലാസ്സ് ടീച്ചർ ശ്രദ്ധിക്കണം.

## 25 – ദിനാചരണങ്ങൾ

ദിനാചരണങ്ങൾ സ്കൂൾ തലത്തിൽ വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്നത് പോലെ സമാന്തരമായി ക്ലാസ്സിലും നടത്താം. ദിനാചരണങ്ങളുടെ സന്ദേശം കൂടുതൽ ഫലപ്രദമാവുക ക്ലാസ്സിൽ നടക്കുമ്പോഴാണ്. ഉദാഹരണത്തിന് സോഷ്യൽ സയൻസ് ക്ലബ്ബ് സ്കൂൾ തലത്തിൽ ഹിരോഷിമ–നാഗസാക്കി ദിനാചരണം നടത്തുമ്പോൾ തന്നെ  ക്ലാസ്സുകളിൽ യുദ്ധവിരുദ്ധത പ്രമേയമാക്കി പ്രസംഗങ്ങളും സംവാദങ്ങളും കൊളാഷ്, പോസ്റ്റർ പ്രദർശനം തുടങ്ങിയവയും സംഘടിപ്പിക്കാം.



Scanned with CamScanner

## 26 – നാടകക്കളരി

(ഓണാവധിക്കാലത്ത്)

അവധിക്കാലത്തിന്റെ മൂഡ് കുട്ടികൾക്ക് ചോർന്നുപോകാത്തവിധം അവർക്ക് വേണ്ടി നടത്തപ്പെടുന്ന ഒരു അടിപൊളി ക്യാമ്പ് ആയി ഇത് മാറണം. കുട്ടികളുടെ രംഗഭീതി മാറാനും ആത്മവിശ്വാസത്തോടെ സെമിനാറുകളിലും മറ്റു ചർച്ചകളിലും പങ്കെടുക്കാനും ഈ ക്യാമ്പ് അവരിൽ മാറ്റമുണ്ടാക്കും.

## 27 - REMEDIAL MEASURES

First Term പരീക്ഷയ്ക്കുശേഷം പരിഹാര ബോധനത്തിനായി രണ്ടു ഘട്ടങ്ങളിലായി ക്യാമ്പുകൾ സംഘടിപ്പിക്കണം. വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ സഹായത്തോടൊപ്പം ക്ലാസ്സിലെയും സ്കൂളിലെ മുതിർന്ന ക്ലാസ്സുകളിൽ പഠന മികവ് കാണിക്കുന്ന വിദ്യാർത്ഥികളുടേയും സേവനം തേടാവുന്നതാണ്.

## 28 - CARE

First Term പരീക്ഷയുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ രണ്ടു കാറ്റഗറി ആക്കാം. ശരാശരിക്കും മുകളിൽ പെർഫോമൻസ് കാഴ്ചവെച്ച കുട്ടികളെ NMMS പരീക്ഷയുടെ പരിശീലനത്തിനും ബാക്കിയുള്ളവരെ അവർ വീക്ക് ആയ വിഷയങ്ങളിലെ സപ്പോർട്ട് ക്ലാസ്സുകൾക്കും വിധേയമാക്കണം. സ്കൂളിൽ ട്രെയിനിങ്ങിന് വരുന്ന അധ്യാപക വിദ്യാർത്ഥികൾ, ഗസ്റ്റ് അധ്യാപകർ എന്നിവരെ ഇതിന് ഉപയോഗിക്കാം

## 29 - PUBLIC SPEAKING

പ്രസംഗ പരിശീലനമാണ്. ഫലപ്രദമായി പ്രഭാഷണം നടത്തുന്നതിലേക്ക് അവരെ നയിക്കാനാണ് ഈ ഏകദിന പരിശീലനം. തുടർന്നുള്ള ആഴ്ചകളിൽ കർച്ചറൽ പ്രോഗ്രാമിന്റെ ഭാഗമായി ക്ലാസ്സിൽ പ്രസംഗിച്ചു തെളിയാനും അവസരം ഒരുക്കും.



Scanned with CamScanner

## 30 - SHE CAMP

Teen age കാരായ പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ സുസ്ഥിതിക്ക് വേണ്ടിയുള്ള ഡോക്ടർമാർ ഉൾപ്പെടെയുള്ള വിദഗ്ധർ നേതൃത്വം നൽകുന്ന ക്യാമ്പ്.

## 31 - BOYS' FEST

കൂട്ടുകാരിൽ നിന്നും ലഭിക്കുന്ന അശാസ്ത്രീയമായ അറിവുകൾ ആയിരിക്കും പ്രകടമായ ശാരീരിക മാറ്റങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്ന ആൺകുട്ടികൾക്ക് ലഭിക്കുന്നത്. അവർക്ക് നൽകുന്ന ഒരു അഡോളസെൻസ് ക്ലാസ്സ് ആണിത്.

## 32 ലളിതം ഗണിതം
## MATHS CAMP

മിക്കവാറും ഒരു ക്ലാസ്സിൽ ഒരു കൈവിരലിൽ എണ്ണാവുന്ന കുട്ടികളെ കണക്ക് ഇഷ്ടവിഷയം ആയിട്ടുണ്ടാവാറുള്ളൂ. അവരുടെ ഉപരിപഠന സാധ്യതകളെയും SSLC FULL A+ എന്ന അവരുടെ തൊട്ടടുത്തുള്ള ലക്ഷ്യത്തെയും ബാധിക്കുന്ന ഈ കണക്കുവിരോധം എട്ടാം ക്ലാസ്സിൽ നിന്നെങ്കിലും മാറ്റിയെടുക്കേണ്ടതുണ്ട്.

Maths Camp ഇതിന്റെ തുടക്കമാണ്. വിദഗ്ദധരായ അതിഥികൾ ഈ ക്യാമ്പിൽ കുട്ടികൾക്ക് കണക്ക് എന്ന വിഷയത്തോടുള്ള അകലം തീർക്കാൻ എത്തുന്നു. ഇതിന്റെ തുടർച്ചയായി കണക്കിന് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് ക്ലാസ്സുകൾ വെക്കുന്നു.

## 33 – സയൻസ് ക്യാമ്പ്

ഈ പ്രായത്തിൽ തന്നെ കുട്ടികൾ ശാസ്ത്രാഭിമുഖ്യമുള്ളവരും സ്വന്തമായി പരീക്ഷണങ്ങൾ നടത്തുന്നവരും ആവേണ്ടതുണ്ട്. ഈ വിഷയങ്ങളിൽ കൂടുതൽ അവബോധമുള്ളവരായി അവരെ മാറ്റുന്ന രീതിയിൽ നടത്തപ്പെടുന്ന പരിപാടിയാണ് സയൻസ് ക്യാമ്പ്. സ്കൂൾ, സബ്ജില്ല ശാസ്ത്രോത്സവങ്ങൾ നടക്കുന്നതിന് മുന്നേ ഈ ക്യാമ്പ് സംഘടിപ്പിക്കണം.



Scanned with CamScanner

## 34 – ആകാശ നിരീക്ഷണം

ആകാശം കുട്ടികൾക്ക് അത്ഭുതങ്ങളുടെ കലവറയാണ്. ആകാശലോകത്തെ വിസ്മയങ്ങളിലേക്ക് കണ്ണുകൾ തുറന്നുവെക്കാനും പ്രകൃതി പ്രതിഭാസങ്ങളുടെ വിവിധ അവസ്ഥകളെക്കുറിച്ച് ചിന്തിച്ചുകൊണ്ടേയിരിക്കാനും ആകാശ നിരീക്ഷണം അവരെ സഹായിക്കുന്നു.

മഴക്കാലം കഴിഞ്ഞശേഷമുള്ള ഒരു ദിവസമാണ് ഇത് നടത്തുക. പകലിൽ തുടങ്ങി രാത്രി അവസാനിക്കുന്ന സമയക്രമം ആണ് ഈ ക്യാമ്പിനുണ്ടാവുക.

## 35 – ഫീൽഡ് ട്രിപ്പുകൾ

സ്കൂൾ ബസ്സിൽ പോകാവുന്ന ചെറിയ ചെറിയ യാത്രകൾ. ചരിത്ര പ്രാധാന്യമുള്ളതും പഠന പ്രവർത്തനങ്ങളിൽ അധികമായി സംഭാവന നൽകുന്നതുമായ സ്ഥലങ്ങളാണ് ഫീൽഡ് ട്രിപ്പിന് തെരഞ്ഞെടുക്കുക.

## 36 – സോക്കർ സീരീസ്

ആൺകുട്ടികളുടെ കളിയാവേശത്തെ അവധി ദിവസങ്ങളിൽ നടക്കുന്ന പരിപാടികളിൽ അവരുടെ ഹാജർ ഉറപ്പുവരുത്തുന്നതിനുവേണ്ടി ഉപയോഗിക്കാം.

കുട്ടികളെ രണ്ടു ടീമുകളാക്കി അവധി ദിനങ്ങളിൽ നടക്കുന്ന പരിപാടികൾക്ക്ശേഷം അരമണിക്കൂർ സമയം ഈ ടീമുകൾ തമ്മിലെ മാച്ചുകൾ ആക്കി നടത്തുകയും ഫെബ്രുവരി മാസം ഏറ്റവും കൂടുതൽ മത്സരങ്ങളിൽ ജയിക്കുന്ന ടീമിനെ ഈ വർഷത്തെ ചാമ്പ്യൻ ടീമായി പ്രഖ്യാപിക്കുകയും ചെയ്യും..

## 37 – ക്ലാസ് സ്പോർട്സ് ഡെ

ജനുവരി / ഫെബ്രുവരി മാസത്തിലെ ഒരു അവധി ദിവസം ഫുട്ബോൾ, ക്രിക്കറ്റ്, ത്രോ ബോൾ, ചെസ്സ്, ഷട്ടിൽ എന്നിവ ഉൾപ്പെടുത്തി, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്പോർട്സ് ഡേ സംഘടിപ്പിക്കും.



Scanned with CamScanner

## 38 – സമ്മാനമഴ

ക്ലാസ്സ് ടീച്ചറിൽ നിന്നും കിട്ടുന്ന സമ്മാനങ്ങൾ കുട്ടികളെ കൂടുതൽ വളർത്തും. ടേം പരീക്ഷകളിൽ സമ്മാനങ്ങൾ മിക്കപ്പോഴും ഒരേ കുട്ടിക്ക് തന്നെയാവും കിട്ടുക. അത് പഠന പിന്നാക്കക്കാരിൽ അപകർഷത വളർത്തിയെടുക്കും. പഠന പുരോഗതി മുൻവർഷത്തെ പരീക്ഷയിൽ ഉണ്ടാക്കിയവരെ തേടിപ്പിടിച്ച് സമ്മാനം കൊടുക്കുമ്പോൾ ഇത് ഒരുപരിധിവരെ പരിഹരിക്കപ്പെടും. പിയർ ഗ്രൂപ്പ് മത്സരങ്ങൾ, ക്ലാസ്സിലെ മറ്റ് അവസരങ്ങൾ, സ്കൂൾതല കലാ– കായിക പരിപാടികളിൽ മികവ് കാണിക്കുന്നവർ തുടങ്ങിയവർ ക്ലാസ്സ് ടീച്ചർക്ക് സമ്മാനങ്ങൾ നൽകാനുള്ള അവസരങ്ങളാണ്.

ഇതിനുള്ള ഫണ്ട് ആണ് സമ്മാനങ്ങൾ നൽകുന്നതിൽ ധാരാളിയാവുന്നതിൽ നിന്നും ടീച്ചർമാരെ തടയുന്നത്. ക്ലാസ്സ് പി.ടി.എ ഫണ്ട് സ്വരൂപിക്കുക ഇതിന് ഒരു പരിഹാരമാണ്. ക്ലാസ്സ് ടീച്ചർ, വീട്ടിൽ ക്ലാസിന്റെ പേരിൽ ഒരു money box വെക്കുകയുംഅതിൽ നിക്ഷേപിക്കുന്ന കുഞ്ഞുകുഞ്ഞു കറൻസികൾ ഇതിനായി ഉപയോഗിക്കുകയും ചെയ്യാം.

## പിയർ ഗ്രൂപ്പ് – സീസൺ 2

First Term ന് ശേഷം, തുല്യനിലവാരമുള്ള ടീമുകൾ ആയി ടീമുകളെ വീണ്ടും തിരിച്ചുകൊണ്ട് ഫെബ്രുവരിയിൽ അവസാനിക്കുന്ന രീതിയിൽ സീസൺ 2 നടത്താം. ഈ സീസണിൽ കൂടുതൽ മത്സരങ്ങൾ നടത്താൻ സാവകാശം കിട്ടും.

### Peer Group P T A

സാധാരണയായി സെക്കന്റ് term exam ആകുമ്പോഴേക്കും നമ്മൾ ക്ലാസ്സ് പി.ടി.എ രണ്ടെണ്ണം ചുരുങ്ങിയത് വിളിച്ചിട്ടുണ്ടാവും. സ്വാഭാവികമായും പി.ടി.എയിൽ നമുക്ക് പറയുന്ന കാര്യങ്ങളിൽ ആവർത്തന വിരസത ഉണ്ടാവും.

Peer Group മത്സരങ്ങളുടെ ഭാഗമായി ജനുവരി മാസം Peer Group അടിസ്ഥാനത്തിൽ പി.ടി.എ വിളിച്ചു ചേർക്കുന്നത് കുട്ടികളിലെ സംഘാടകരെ വളർത്തുന്നതിൽ വലിയ പങ്കുവഹിക്കും. പ്രായോഗികമായി കുഞ്ഞുകുഞ്ഞു കാര്യങ്ങൾ ചെയ്യുന്നതിലൂടെ കിട്ടുന്ന അനുഭവങ്ങളിൽ നിന്നാണല്ലോ അവർ വലിയവർ ആകുന്നത്.



Scanned with CamScanner

ഇതിന്റെ സീറ്റ് അറൈഞ്ച്മെന്റ്, സ്വാഗതം, Peer Group ലീഡറുടെ അവതരണം, നന്ദി, പേരെന്റ്സ് ന്റെ ഹാജർ, നൽകുന്ന റിഫ്രെഷ്മെന്റ് എന്നിവയ്ക്കൊക്കെ ടീമുകൾക്ക് പോയിന്റ് നൽകുന്നുണ്ട്.

ക്ലാസ്സ് ടീച്ചർ കുട്ടിയെ അളന്നുമുറിച്ചു രക്ഷിതാക്കളോട് സംസാരിക്കുന്നിന് പകരം അവരുടെ കൂടെ സ്കൂൾ സമയം ചെലവഴിക്കുന്ന കുട്ടുകാരൻ/കൂട്ടുകാരി അവന്റെ സ്കൂളിലെ കാര്യങ്ങൾ, പഠന മികവ്, ഗ്രൂപ്പ് പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവ രക്ഷിതാക്കളോട് ഷെയർ ചെയ്യുന്നു.

കുറഞ്ഞ ആളുകൾ ഉള്ള മീറ്റിംഗ് ആയതുകൊണ്ട് രക്ഷിതാക്കളും മനസ്സ് തുറന്ന് ചർച്ചയിൽ പങ്കെടുക്കുന്നു.

അഞ്ച് വൈകുന്നേരങ്ങളിലായി ക്ലാസ്സ് ടീച്ചർ ഈ മീറ്റിംഗുകൾക്കായി മാറ്റിവേക്കേണ്ടിവരും എന്നത് പ്രയാസമായി തോന്നാമെങ്കിലും പ്രായോഗികമായി ബുദ്ധിമുട്ടുകൾ വളരെ കുറവാണ്.



Scanned with CamScanner

**ജൂൺ 2 തിങ്കൾ**

താങ്കളിൽ പ്രതീക്ഷയർപ്പിച്ച് വന്നിരിക്കുന്ന നാൽപ്പതിന് മുകളിൽ വരുന്ന ഭാവിയിലെ നായകന്മാരിലേക്ക് നടന്നടുക്കാം, പ്രാർത്ഥനകളോടെ.

- ❖ ഏറ്റവും നല്ല തുടക്കം നൽകാം.
- ❖ എല്ലാവരേയും പരിഗണിച്ച് ഇടപെടാം
- ❖ കൂട്ടുകാർ വേറെ ക്ലാസ്സിൽ ആയതുകൊണ്ട് അസ്വസ്ഥത കാണിക്കുന്നവരെ കാണാം. സാന്ത്വനം നൽകാം.
- ❖ എല്ലാവരേയും വ്യക്തിപരമായി പരിചയപ്പെടാം.
- ❖ യൂണിഫോം ധരിച്ച് വന്നവരെ അഭിനന്ദിക്കാം.
- ❖ ബാഡ്ജ് ശരിയായി വെക്കേണ്ടത് കാണിച്ച് കൊടുക്കാം.
- ❖ സ്കൂൾ ബസ്സിന്റെ നിർദ്ദേശങ്ങൾ നൽകാം.
- ❖ NCC, SPC, LITTLE KITES ന്റെ സെലക്ഷൻ ആദ്യ ദിവസങ്ങളിൽ ഉണ്ടാവാൻ സാധ്യതയുള്ളത്കൊണ്ട് ലീവ് എടുക്കരുതെന്ന് ഓർമ്മിപ്പിക്കാം.
- ❖ തന്ന ലിസ്റ്റിൽ പേരുള്ള, ക്ലാസ്സിൽ വരാത്തവരുടെ ഫോൺ നമ്പർ വാങ്ങി വരാത്തതിന്റെ കാരണം തിരക്കാം.
- ❖ 10 നോട്ട് ബുക്കുകൾ വേണമെന്നും ടെക്സ്റ്റ് ബുക്ക് കവർ ചെയ്യുന്നതിന്റെ പ്രാധാന്യവും പറയാം.
- ❖ സ്കൂൾ ഡയറി നൽകാം.

| | |
|---|---|
| BOYS | |
| GIRLS | |
| TOTAL | |

| | BOYS | GIRLS | TOTAL |
|---|---|---|---|
| MALAYALAM | | | |
| ARABIC | | | |
| URDU | | | |



Scanned with CamScanner

# ഒമ്പതാം തരം പ്രവർത്തന പദ്ധതി

## മിനിമം കോമൺ പ്രോഗ്രാം 2025

അക്കാദമികം

# # - പഠന രേഖ;

1 ഓരോ ദിവസവുംഎടുക്കുന്ന പാഠഭാഗങ്ങൾ അതത് ദിവസം പഠിക്കുന്നതിന് ടൈംടേബിൾ തയ്യാറാക്കുക .രാത്രി 7 മണി മുതൽ 10 മണി വരെ ഒരു സെഷൻ രാവിലെ 5 30 മുതൽ 6 30 വരെ രണ്ടാം സെക്ഷൻ.

2 പഠിച്ച വിഷയം സമയവും എഴുതി രക്ഷിതാവ് ഒപ്പിട്ട് വരണം.പഠന രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ ഫോർമാറ്റ് വിതരണം ചെയ്യും.

3 പഠനരേഖ വൈകുന്നേരം 6 30 മുതൽ രാത്രി 9 30 മണി വരെ വായിച്ചു പഠിക്കാനുള്ള സമയം. വായിക്കേണ്ട വിഷയം അതത് ദിവസത്തെ ടൈംടേബിൾ പ്രകാരം ആയിരിക്കും.9 30 മുതൽ 10 30 വരെ ഹോംവർക്ക് ചെയ്യാനുള്ള സമയം രാവിലെ 5 മണി മുതൽ 7 മണി വരെ അന്നത്തെ ടൈംടേബിൾ പ്രകാരമുള്ള പുസ്തകങ്ങൾ വായിച്ച് പൂർത്തിയാക്കണം.

4 ഒരു ദിവസം വായിക്കാനും എഴുതാനും കഴിഞ്ഞില്ലെങ്കിൽ ആ കാര്യം പഠന രേഖയിൽ രേഖപ്പെടുത്തുകയും അടുത്ത ശനി ഞായർ ദിവസങ്ങളിൽ ആ സമയം കൂട്ടി പഠിക്കണം.

5 ഓരോ ദിവസവും വായിച്ച് രക്ഷിതാവ് ഒപ്പിട്ടത്അധ്യാപകൻ പരിശോധിക്കണം.ഇതിന് പിയർ ഗ്രൂപ്പിന്റെ സഹായം തേടാം.

# # ടെക്സ്റ്റ്ബുക്ക് വായന:

1 ഓരോ ദിവസവും 4 ഭാഷ വിഷയങ്ങളിലെ ടെക്സ്റ്റ് ബുക്കുകൾ ഒരു പേരഗ്രാഫ് വീതം പിയർ ഗ്രൂപ്പിന്റെ വാട്സപ്പ് ഗ്രൂപ്പിൽ വായിച്ചിടാം. അധ്യാപകൻ അവ കേട്ട് പരിശോധിച്ച ആവശ്യമായ കറക്ഷനും നിർദ്ദേശങ്ങളും നൽകുക.

Scanned with CamScanner

ഇത് കുട്ടികളുടെ വായന ഇംപ്രൂവ് ചെയ്യുന്നതിനും, അക്ഷര തെറ്റ് കറക്ട് ചെയ്യുന്നതിനും സഹായകമാണ്. കൂടാതെ ക്ലാസ്സിൽ എല്ലാവരുടെയും ടെക്സ്റ്റ് ബുക്ക് വായിപ്പിക്കുന്നത് പ്രയാസമായതിനാൽ അത് പരിഹരിക്കപ്പെടുകയും ചെയ്യും .

2 നന്നായി വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകാം.

3 വായനയ്ക്ക് പ്രയാസമുള്ള കുട്ടികളെ പ്രത്യേക കോച്ചിംഗ് പിയർ ഗ്രൂപ്പിൻറെ സഹായത്താൽ നൽകാം.

## #നോട്ടുബുക്ക് പരിശോധന രേഖ:

ഓരോ കുട്ടിയും അവരവരുടെ നോട്ടുബുക്ക് കൃത്യമായി എഴുതി പൂർത്തിയാക്കുന്നു എന്ന് ഓരോ ആഴ്ചയിലും രക്ഷിതാവ് പരിശോധിച്ച നോട്ട് ബുക്കിൽ എഴുതി ഒപ്പിട്ട് വരികയും, ക്ലാസ് അധ്യാപകൻ അത് പരിശോധിച്ച ഉറപ്പുവരുത്തുകയും ചെയ്യുക. പിയർ ഗ്രൂപ്പിന്റെ സഹായം തേടാം.

## #-വായനാരേഖ;

1 ഒരു വർഷം 10 പുസ്തകങ്ങൾ ഓരോ മാസം ഓരോ പുസ്തകങ്ങൾ വായിച്ച് അതിൻറെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല അസ്വാദനക്കുറുപ്പിന് സമ്മാനം നൽകും.

2 വായിച്ച പുസ്തകങ്ങളുടെ പേരും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് കുട്ടികൾക്ക് വിതരണം ചെയ്യും.

3 സ്കൂൾ, ക്ലാസ് ലൈബ്രറികളിൽ നിന്നും മറ്റ് സോഴ്സുകളിൽ നിന്നും ശേഖരിക്കുന്ന പുസ്തകങ്ങൾ വായിച്ച് പുസ്തകത്തിൻറെ പേരും , പുസ്തകം എഴുതിയ ആളുടെ പേരും രേഖപ്പെടുത്തി വയ്ക്കുക. ഇങ്ങനെ ഓരോ മാസവും ഓരോ പുസ്തകം വീതം 10 മാസത്തേക്ക് മിനിമം 10 പുസ്തകങ്ങൾ ഒരു കുട്ടി വായിച്ചിരിക്കണം.

4 ഓരോ മാസവും അവർ വായിച്ച പുസ്തകത്തിൻറെ ആസ്വാദനക്കുറിപ്പ് പ്രത്യേക ഫോർമാറ്റിൽ എഴുതി തയ്യാറാക്കി അവതരിപ്പിക്കണം.

4 ഏറ്റവും മികച്ച ആസ്വാദനക്കുറിപ്പിന് സമ്മാനം നൽകണം.

5 വായിച്ച പുസ്തകത്തെ ആസ്പദമാക്കി ചർച്ചകളും ഡിബേറ്റുകളും സംഘടിപ്പിക്കുക.

Scanned with CamScanner

## #പിയർ ഗ്രൂപ്പ്;

അച്ചീവ് മെന്റ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ഓരോ ക്ലാസിലും അഞ്ചുവീതം ഗ്രൂപ്പകൾ രൂപീകരിക്കും.

1 ഒരു ക്ലാസ്സിലെ മുഴുവൻകുട്ടികളെയും പത്ത് അംഗങ്ങൾ വീതുള്ള 5 ഗ്രൂപ്പകൾ ആക്കി തിരിക്കുക.ഓരോ ദിവസവും ഓരോ ഗ്രൂപ്പകൾക്ക് വീതം വീതിച്ച നൽകുക.

2 ഓരോ ഗ്രൂപ്പിലെയും അംഗങ്ങൾ അവരുടെ ദിവസം തോട്ട് ഫോർ ദ ഡേ,ന്യൂസ് റീഡിങ്, വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പേപ്പർ പ്രസന്റേഷൻ തുടങ്ങിയ അവതരിപ്പിക്കുക.

3 പഠനരേഖ വായന രേഖ പരിശോധിക്കുക.ഓരോ ദിവസത്തെയും ക്ലാസിന്റെ വൃത്തിയും നിയന്ത്രണവും അത് ഗ്രൂപ്പകൾ ഏറ്റെടുത്ത് ചെയ്യുക.

## #യൂണിറ്റ് ടെസ്റ്റ്:

ഓരോ പാഠഭാഗത്തിന്റെയും യൂണിറ്റിനെ ആസ്പദമാക്കി ക്ലാസ് ടെസ്റ്റ് നടത്തുക .യൂണിറ്റ് ടെസ്റ്റിൽ മാർക്ക് കുറയുന്ന കുട്ടികൾക്ക് ശനിയാഴ്ച ദിവസങ്ങൾ ഉപയോഗപ്പെടുത്തി റെമഡിടീയൽ ടീച്ചിംഗ് നടത്തുക.

## #ഹോം വിസിറ്റ്:

കുട്ടികളെയും അവരുടെ ഫാമിലി യും അവരുടെ പഠന അന്തരീക്ഷത്തെയും അറിയുന്നതിന് വേണ്ടി അധ്യാപകർ ഹോം വിസിറ്റുകൾ സംഘടിപ്പിക്കുക.

## #മിനിമം ലെവൽ പ്രോഗ്രാം

പഠനനിലവാരത്തിൽ വ്യത്യസ്തരായ പഠന മുന്നോക്കം ആവറേജ് പിന്നോക്കം കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി മുഴുവൻ കുട്ടികളെയും മിനിമം ലെവൽ നിലവാരത്തിൽ എത്തിക്കുക.ഇതിനായി സാറ്റർഡേ സൺഡേ കോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിക്കുക.

Scanned with CamScanner

## #കഴിവിനൊപ്പം പദ്ധതി

കുട്ടികളുടെ കഴിവുകളും പഠനനിലവാരവും വ്യത്യസ്തമാണ് .പഠന നിലവാരത്തിൽ വ്യത്യസ്തരായ കുട്ടികൾ ഒരുപക്ഷേ മറ്റ് പ്രവർത്തനങ്ങളിൽ മികച്ചവരായിരിക്കാം. അത്തരം കുട്ടികളെ കണ്ടെത്തി അവർക്ക് അനുയോജ്യമായ രീതിയിലുള്ള പരിശീലനങ്ങൾ നൽകുക കായിക മേഖലയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

## #കായിക മത്സരങ്ങൾ

ക്ലാസ് കായിക മത്സരങ്ങൾ പിഇ ടി അധ്യാപകന്റെ സഹായത്താൽ സംഘടിപ്പിക്കുക.

## #മാതൃക പിടിഎ

മാതൃകാപരമായി പ്രവർത്തിക്കുന്ന ക്ലാസ് പിടിഎ കളെ കണ്ടെത്തി അവാർഡുകൾ നൽകുക -
രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസും കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസുകളും നൽകുക.

## #മാതൃക ക്ലാസ്സ് റൂം

മികച്ച അച്ചടക്കത്തിലും കെട്ടിലും മട്ടിലും വൃത്തിയിലും. പെരുമാറ്റത്തിലും. ഡയറി /നോട്ട് / ടെക്സ്റ്റ് മെയിന്റയിൻലും നിലവാരത്തിലും അക്കാദമിക് നിലവാരത്തിലുള്ള ക്ലാസ് റൂമുകളെ കണ്ടെത്തി സമ്മാനം നൽകുക

എസ് ആർ ജിയുടെ അടിസ്ഥാനത്തിലുള്ള ദിനാചരണങ്ങളും വിവിധ പരീക്ഷകളും പരിപാടികളും കാര്യക്ഷമമായി നടത്തു

## പ്രമുഖ വ്യക്തിത്വങ്ങളുമായി ഇൻറർവ്യൂ സംഘടിപ്പിക്കുക

Scanned with CamScanner